## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 873** **06-02-2023 - ൽ മറുപടിയ്ക്ക്**

## ചിറ്റാരി കണ്ടിവാതുക്കൽ റോഡ് വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | നാദാപുരം മണ്ഡലത്തിലെ ചെക്ക്യാട്-വളയം പഞ്ചായത്തിലെ ഉപയോഗയോഗ്യമല്ലാതായ ചിറ്റാരി കണ്ടിവാതുക്കൽ റോഡ് പുനരുദ്ധരിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | ചെക്ക്യാട്-വളയം പഞ്ചായത്തിലെ ചിറ്റാരി കണ്ടിവാതുക്കൽ റോഡ് പുനരുദ്ധരിക്കാൻ നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | ആയതിന് നിലവിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ? | (ബി) | നബാർഡ് RIDF 20 സ്കീമിൽ ഉൾപ്പെട്ടിരുന്ന ചിറ്റാരി കണ്ടിവാതുക്കൽ റോഡ് നിർമ്മാണത്തിന്റെ നിർവ്വഹണ ഏജൻസിയായി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തിയിരുന്നു. കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ 5.02.2016 ന് ക്ഷണിച്ച ടെണ്ടർ പ്രകാരം കരാർ ഏറ്റെടുത്ത കരാറുകാരൻ നിർമ്മാണം നടത്താത്തതിനാൽ 28.06.16 ന് റീ ടെണ്ടർ നടത്തിയിരുന്നു. തുടർന്ന് 19.08.2016 ന് കരാർ ഏറ്റെടുത്തയാൾക്ക് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനുമായി വലിയ തുക ബാദ്ധ്യത ഉണ്ടായിരുന്നതിനാലും BDS സംവിധാനത്തിലെ സാങ്കേതിക പിഴവ് മൂലവും, 2018, 2019 എന്നീ വർഷങ്ങളിലെ മഹാപ്രളയം മൂലവും കരാറുകാരൻ റോഡ് നിർമ്മാണം പൂർത്തിയാക്കിയിരുന്നില്ല. തുടർന്ന് ടിയാൻ ഈ പ്രവൃത്തിയിൽ നിന്നും പിൻവാങ്ങിയതിനാൽ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ 8.12.2021നും 21.12.2021 നും വീണ്ടും ടെണ്ടർ ക്ഷണിയ്ക്കുകയും പുതിയ കരാറുകാരനെ ചുമതലപ്പെടുത്തുകയുമായിരുന്നു. എന്നാൽ നബാർഡ് RIDF 20 പദ്ധതിയുടെ കാലാവധി 31.3.2022 ന് അവസാനിച്ചതിനാലും പദ്ധതി നിർവ്വഹണത്തിന് കാലാവധി നീട്ടി നൽകാത്തതിനാലും നബാർഡ് RIDF 20 പദ്ധതിയിൽ ചിറ്റാരിക്കണ്ടി വാതുക്കൽ റോഡ് നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിയുന്നതല്ല. ഈ റോഡിന്റെ ബാക്കിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ വകുപ്പിന്റെ കോർപ്പസ് |

| | | | |
|---|---|---|---|
| | | | ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിക്കുന്ന വിഷയം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ